സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
**മഹിളാവീഥി**
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യത്തിന്ന പ്രമദിത്വം
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ
പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
മാഗസിൻ

2023 മാർച്ച് 8 ബുധൻ | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ




ഇൻഡോ–അറബ് കോൺഫെഡറേഷൻ കൗൺസിലിന്റേയും എ. ആർ. എം. സി ഐ. വി. എഫിന്റേയും ആഭിമുഖ്യത്തിൽ

# ലോക വനിതാ ദിനാഘോഷം

സമ്മേളനം | മൈലാഞ്ചി മത്സരം | മാർച്ച് എട്ടിന് | രാവിലെ 10 മണിക്ക് | സ്പോർട്സ് കൗൺസിൽഹാൾ, മാനാഞ്ചിറ | കോഴിക്കോട്

## ഉദ്ഘാടനം




**ഷീജ ശശി**
(ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്)

## അധ്യക്ഷൻ



**എം. വി കുഞ്ഞാമു**
(ഗ്ലോബൽ പ്രസിഡന്റ്, ഇൻഡോ–അറബ് കോൺഫെഡറേഷൻ കൗൺസിൽ)

## മുഖ്യപ്രഭാഷണം



**ആറ്റക്കോയ പള്ളിക്കണ്ടി**
(ജനറൽ സെക്രട്ടറി, ഇൻഡോ–അറബ് കോൺഫെഡറേഷൻ കൗൺസിൽ)

## വിശിഷ്ട സാന്നിധ്യം



**ഡോ. പി. എൻ അജിത**
(കൗൺസിലർ, കോഴിക്കോട് കോർപറേഷൻ)



**എൻ. എം ഷീജ**
(ഡെ. രജിസ്ട്രാർ, അഡ്മിനിസ്ട്രേഷൻ സഹകരണ വകുപ്പ്)



**ഡോ. ശ്രീജ സജിത്ത്**
(കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റ് ആന്റ് ഇൻഫെർട്ടിലിറ്റി സ്പെഷ്യലിസ്റ്റ്, എ. ആർ. എം. സി കോഴിക്കോട്)



**ഫൗസിയ മുബഷിർ**
(സൗത്ത് ഇന്ത്യ സെക്രട്ടറി ഒയിസ്ക ഇന്റർനാഷണൽ)






# കാര്യപരിപാടി

**സ്വാഗതം** — **കോയട്ടി മാളിയേക്കൽ**



(ഓർഗനൈസിങ് സെക്രട്ടറി, ഇൻഡോ–അറബ് കോൺഫെഡറേഷൻ കൗൺസിൽ)

**അധ്യക്ഷൻ** — **എം. വി കുഞ്ഞാമു**

**ഉദ്ഘാടനം** — **ഷീജ ശശി** (ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്)


**ആശംസകൾ** — **ഡോ. പി. എൻ അജിത**, **ഡോ. ശ്രീയ സജിത്ത്**, **എൻ. എം ഷീജ**, **ഫൗസിയ മുബഷിർ**, **റഫി പി. ദേവസ്യ** (പ്രസിഡന്റ്, കാലിക്കറ്റ് ചേംബർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി), **ഫവാസ് എം. എം** (ജനറൽ മാനേജർ, എ. ആർ. എം. സി ഐ. വി. എഫ്)

**മുഖ്യപ്രഭാഷണം** — **ആറ്റക്കോയ പള്ളിക്കണ്ടി**

**നന്ദി** — **പി. ടി നിസാർ** (ചെയർമാൻ, സംഘാടക സമിതി)




# ഇന്നത്തെ തലമുറയെ ലോകത്തിന് ഉതകുന്നവരാക്കി രൂപപ്പെടുത്തലാണ് ഫ്രണ്ട്സ് ഓഫ് യോഗയുടെ ലക്ഷ്യം: ഗുരുജി കെ.ബി.മാധവൻ



പി.ടി നിസാർ

1990ൽ ദുബായിൽ ഫ്രണ്ട്സ് ഓഫ് യോഗയുടെ പരിശീലന കേന്ദ്രം ആരംഭിക്കുമ്പോൾ, യോഗയുടെ പ്രയോജനം എല്ലാവരിലും എത്തിക്കുക എന്നതായിരുന്നു ലക്ഷ്യമെന്ന് ഗുരുജി കെ.ബി മാധവൻ പീപ്പിൾസ് റിവ്യൂവിനോട് പറഞ്ഞു. ഫ്രണ്ട്സ് ഓഫ് യോഗ കോഴിക്കോട് ചാപ്റ്ററിന്റെ 15-ാം വാർഷികാഘോഷത്തിൽ പങ്കെടുക്കാൻ കോഴിക്കോടെത്തിയതായിരുന്നു അദ്ദേഹം. 1990കളിൽ മിഡിൽ ഈസ്റ്റിലെ കാലാവസ്ഥ അത്ര അനുകൂലമായിരുന്നില്ല. യോഗയെക്കുറിച്ച് വളരെയധികം തെറ്റിധാരണ നിലനിന്നിരുന്ന ഒരു കാലമായിരുന്നു അത്. ഹിന്ദുക്കളുടെ കുത്തകയാണ് യോഗയെന്നായിരുന്നു ധാരണ. ആ മനഃസ്ഥിതി മാറ്റിയെടുക്കുവാൻ മുസ്ലിം രാജ്യത്ത് നിന്ന് തന്നെ തുടങ്ങി. ഖത്തർ, സൗദി അറേബ്യ, കുവൈറ്റ് എന്നിവിടങ്ങളിൽ തുടങ്ങിയെന്ന് മാത്രമല്ല അവിടത്തെ ഗവൺമെന്റും നാട്ടുകാരും സഹകരിക്കുകയും ചെയ്തു. മിഡിൽ ഈസ്റ്റിൽ നിന്ന് മറ്റു രാജ്യങ്ങളിലേക്കും ഫ്രണ്ട്സ് യോഗ കടന്നു ചെന്നു. ഇപ്പോൾ യു.എസ്.എ (അവിടെ മൂന്ന് സെന്ററുകളുണ്ട്). യു.കെ, ന്യൂസിലാന്റ്, ആസ്ട്രേലിയ, ഫിലിപ്പൈൻസ്, ചൈന, പാക്കിസ്ഥാൻ ഉൾപ്പെടെയുള്ള ഏതാണ്ടെല്ലാ രാജ്യങ്ങളിലും ഫ്രണ്ട്സ് ഓഫ് യോഗ പരിശീലിപ്പിക്കുന്നുണ്ട്. ഫ്രണ്ട്സ് ഓഫ് യോഗ പരിശീലിപ്പിക്കുന്ന ട്രെയിനിമാർ ആത്മാർത്ഥമായും, സാമ്പത്തിക നേട്ടം കാംക്ഷിക്കാതെയും, സൗജന്യമായുമാണ് പരിശീലനം നൽകി വരുന്നത്. കോഴിക്കോട് ജില്ലയിൽ ആറ് ബ്രാഞ്ചുകളുണ്ട്. ജില്ലയിൽ ഫ്രണ്ട്സ് ഓഫ് യോഗ പരിശീലനം ആരംഭിച്ചതിന്റെ 15-ാം വാർഷികമാണ് ആഘോഷിക്കുന്നത്.കോഴിക്കോട്, ജനങ്ങൾക്ക് അവരുടെ ജീവിതം സൗകര്യപ്രദവും, സുഖപ്രദവുമാക്കാൻ വേണ്ടി യോഗ പരിശീലനം വിപുലമാക്കുകയും, നിലവിലുള്ള ആറ് പരിശീലന കേന്ദ്രമെന്നത് 60 ആക്കി മാറ്റാനാണ് ഫ്രണ്ട്സ് ഓഫ് യോഗ പ്രവർത്തകർ ശ്രമിക്കുന്നത്. ഇതിനാവശ്യമായ പ്രവർത്തനങ്ങൾ ചീഫ് കോ-ഓർഡിനേറ്റർ ടി.പി രാജന്റെ നേതൃത്വത്തിൽ ഊർജിതമായി നടന്നു വരികയാണ്. 15-ാം വാർഷികാഘോഷം അതിന് കരുത്ത് പകരും. ലാഭേച്ഛയില്ലാതെയാണ് ജില്ലയിലെ ഫ്രണ്ട്സ് ഓഫ് യോഗ ലീഡേഴ്സ് പ്രവർത്തിക്കുന്നത്. ആത്മീയ-ശാരീരികതയെ റെക്റ്റിഫൈ ചെയ്ത് ഇന്നത്തെ തലമുറയെ ലോകത്തിന് ഉതകുന്ന രൂപത്തിൽ രൂപപ്പെടുത്തിയെടുക്കുക എന്നതാണ് ഫ്രണ്ട്സ് ഓഫ് യോഗ ലക്ഷ്യമിടുന്നത്. വർത്തമാനകാല യുവ തലമുറ മദ്യം-മയക്കുമരുന്നിന് അടിമപ്പെട്ട് വഴിതിരിഞ്ഞ ജീവിതം നയിക്കുകയും, സ്വബോധം നഷ്ടപ്പെട്ട് മറ്റുള്ളവരെ ഉപദ്രവിക്കുന്നവരായും മാറിക്കൊണ്ടിരിക്കുകയാണ്. ഇത്തരം ദുർവാസനകളിൽ അകപ്പെടാതിരിക്കാൻ ഫ്രണ്ട്സ് ഓഫ് യോഗ ലീഡർമാർ പ്രവർത്തിക്കുന്നുണ്ട്. സിഗരറ്റ്, മദ്യം, മയക്കുമരുന്ന് ഉൾപ്പെടെയുള്ള നാശകരമായവയെ തുടച്ച് മാറ്റുവാൻ ചെയ്യാൻ സാധിക്കുന്നത് ചെയ്യും. സത്യം, സന്തോഷം, സമത സ്നേഹം മറ്റുള്ളവരിലേക്ക് പകരുകയും, പ്രയോജനം പകരുകയും, യോഗയിലൂടെ ഒരു വൻ സൻമാർഗത്തിന്റെ തെളിച്ചത്തിലേക്ക് വരികയും ചെയ്യും. ജീവിതമെന്ന് പറയുന്നത് ചുരുങ്ങിയ സമയത്ത് നിൽക്കുന്ന ഒന്നാണ്. ഇക്കാലയളവിൽ മറ്റുള്ളവർക്ക് എന്തെല്ലാം നന്മ ചെയ്യാൻ പറ്റുമോ അത് ചെയ്യുകയും, വിട പറയുമ്പോൾ ആ വ്യക്തി ഓർമ്മിക്കപ്പെടാൻ കാരണമാകുകയും ചെയ്യും. ജനസ്നേഹമാണ് ഫ്രണ്ട്സ് ഓഫ് യോഗ മുന്നോട്ട് വയ്ക്കുന്നത്. ലോകത്ത് വിവിധ രാജ്യങ്ങളിലായി 82 സെന്ററുകളുണ്ട്. എല്ലായിടത്തും ഒരേ ലക്ഷ്യമാണുള്ളത്. സൗജന്യമായ പ്രചാരണമാണ് നടത്തുന്നത്. യോഗയിലൂടെ മറ്റുള്ളവരിലേക്കും, ലോക രാജ്യങ്ങൾക്കിടയിൽ ഭാരതത്തിന് തലയുയർത്തിപ്പിടിച്ച് നിൽക്കാനുള്ള വഴികാണിക്കുന്ന ലക്ഷ്യവും ഫ്രണ്ട്സ് ഓഫ് യോഗയ്ക്കുണ്ട്. ലോകത്ത് 187 രാജ്യങ്ങളിലും ജൂൺ 21 യോഗ ഇന്റർനാഷണൽ ഡേയായി ആഘോഷിക്കുകയാണ്. ഈയൊരു ഉദ്ദേശ്യം ലക്ഷ്യപ്രാപ്തിയിലെത്തിച്ചത് പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ്.

അത് നമ്മൾ ഉത്തരവാദിത്വത്തോടെ നടത്തുന്നതിന്റെ പ്രയോജനം നമുക്ക് വിദേശ രാജ്യങ്ങളിൽ വലിയ അംഗീകാരം ലഭിക്കാനിടയാക്കിയിട്ടുണ്ട്. യോഗ ജീവിതത്തിന്റെ ഭാഗമാക്കുകയും, നിത്യേന അനുഷ്ഠിക്കുകയും വേണം. ഞാൻ കഴിഞ്ഞ 52 വർഷമായി യോഗ ചെയ്യുന്ന വ്യക്തിയാണ്. അനുഭവത്തിൽ നിന്ന് ഉറപ്പായും പറയാൻ സാധിക്കും. ആരോഗ്യത്തേയും, ശാരീരികവും-മാനസികവും-ആത്മീയമായും യോഗ നമുക്ക് ശക്തി പകരും. സ്വന്തം മതത്തിൽ നിന്ന് വ്യതിചലിക്കാതെ യോഗയെ ജീവിതത്തിന്റെ ഭാഗമാക്കാൻ സാധിക്കും. ജീവിതത്തിൽ എന്നും നിങ്ങൾ നിങ്ങളായിരിക്കണം. ഫ്രണ്ട്സ് ഓഫ് യോഗക്ക് മതമില്ല, മനുഷ്യത്വമാണ്



ഞങ്ങളുടെ ചിന്താഗതി. ഫ്രണ്ട്സ് ഓഫ് യോഗയുടെ ക്ലാസുകൾ ദിവസത്തിൽ രണ്ട് നേരമാണ് നടക്കുന്നത്. രാവിലെ 5.30 മുതൽ 6.30വരെയും വൈകിട്ട് ഏഴ് മുതൽ എട്ട് വരെയുമാണത്. സ്ത്രീകൾ ആത്മാർത്ഥമായി യോഗയിൽ പങ്ക് ചേരുന്നുണ്ട്. അവർക്ക് പലവിധ ബുദ്ധിമുട്ടുകളുമുണ്ട്. അവർ തങ്ങളുടെ പ്രയാസം മാത്രമല്ല കുടുംബത്തിന്റെ കൂടി ഭാരം ചുമക്കുമ്പോൾ ഉണ്ടാകുന്ന സ്ട്രസ് തരണം ചെയ്യാൻ യോഗ അത്യുത്തമമാണ്. യോഗയുടെ ഭാഗമായ മെഡിറ്റേഷൻ, ബ്രീത്തിംഗ് മറ്റ് ആസനങ്ങൾ എല്ലാം മിഡിലേജിലുള്ളവർക്കടക്കം ഫലപ്രദമാണ്. മറ്റ് യോഗ സംവിധാനങ്ങളിൽ നിന്ന് ഫ്രണ്ട്സ് ഓഫ് യോഗയെ വ്യത്യസ്തമാക്കുന്നത് ഫ്രണ്ട്സ് ഓഫ് യോഗ അടച്ചിട്ട മുറിയിൽ യോഗ ചെയ്യാറില്ല. അത് ശരീരത്തിന് ഉത്തമമല്ല. നമ്മുടെ മാനസികവും, ശാരീരികവുമായ ഉത്തേജനത്തിന് വേണ്ടിയുള്ളതാണ് യോഗ. മഴക്കാലത്ത് മാത്രമാണ് റൂമുകളിൽ യോഗ ചെയ്യാറുള്ളത്. അപ്പോഴും വെന്റിലേഷൻ ഉറപ്പാക്കാറുണ്ട്.



ഫ്രണ്ട്സ് ഓഫ് യോഗ കോഴിക്കോട് ചാപ്റ്ററിന്റെ 15ാം വാർഷിക പരിപാടിയിൽ നിന്ന്

## എന്താണ് ഭാവി പദ്ധതി?

കോഴിക്കോട് ഫ്രണ്ട്സ് ഓഫ് യോഗയുടെ ഓഫീസ് ആരംഭിക്കും. ഇന്ത്യയിലെ ചീഫ് കോ-ഓർഡിനേറ്റർ രാജന്റെ നേതൃത്വത്തിൽ ഇതിനാവശ്യമായ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.



## എന്താണ് അങ്ങേക്ക് നൽകാനുള്ള സന്ദേശം?

എല്ലാ മനുഷ്യരോടും അഭ്യർത്ഥിക്കാനുള്ളത് നമ്മെ പോലെ മറ്റ് ജീവജാലങ്ങൾക്കും ജീവിക്കാനുള്ള അവകാശം ഉണ്ടെന്നാണ്. അവരെ ഉപദ്രവിക്കരുത്. അതിനെ കൊന്ന് തിന്നാതിരിക്കുക. നമ്മളെ ഒരു പുലി പിടിച്ച് തിന്നാൽ നമ്മുടെ ബന്ധു മിത്രാദികൾക്കും സുഹൃത്തുക്കൾക്കും എത്ര ദുഃഖമുണ്ടാവുമോ അതുപോലെയാണ് എല്ലാത്തിന്റെയും അവസ്ഥയെന്ന് നാം തിരിച്ചറിയണം. മനുഷ്യർക്കുള്ളതുപോലെ എല്ലാ രോഗങ്ങളും മൃഗങ്ങൾക്കുമുണ്ട്. അതുകൊണ്ടാണ് കേരളത്തിൽ ഈയടുത്ത കാലത്ത് ഭക്ഷ്യ വിഷബാധ വർധിക്കുന്നത്. നോൺ വെജിറ്റേറിയൻ ഭക്ഷണത്തേക്കാൾ ഉത്തമം സസ്യാഹാരമാണ്. നല്ല ഭക്ഷണം, നല്ല വായു കൊടുക്കാൻ നമുക്കും ഉത്തരവാദിത്വമുണ്ട്. സർക്കാരുകൾ മാത്രം വിചാരിച്ചാൽ ഇത്തരം കാര്യങ്ങൾ നടപ്പിലാക്കാൻ കഴിയില്ല. അവരെ നാം പിന്തുണക്കണം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 82 സെന്ററുകളിലൂടെ കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകൊണ്ട് യോഗ പരിശീലകരായവർ അവരുടെ ദൗത്യം നിറവേറ്റിക്കൊണ്ടിരിക്കുകയാണ്. നമ്മൾ യോഗയിലൂടെ പഠിക്കുന്ന കാര്യങ്ങൾ നിത്യജീവിതത്തിന്റെ ഭാഗമാക്കി മാറ്റിയാൽ രോഗ ശമനവും രോഗ പ്രതിരോധവും കൈവരും എന്നതിനു സംശയമില്ല. അങ്ങനെ വരുമ്പോൾ ആശുപത്രികളുടെ ആവശ്യം പരിമിതപ്പെടും. 'ലോകാസമസ്തോ സുഖിനോ ഭവന്തു' എന്ന ആപ്തവാക്യം ലോകത്തിന് പകരുകയാണ് ഫ്രണ്ട്സ് ഓഫ് യോഗ നിർവ്വഹിക്കുന്നതെന്നദ്ദേഹം കൂട്ടിച്ചേർത്തു.


---

കവിത

## അന്യരാവുന്നവർ

ഹൃദയത്തിലെന്നോ
കുടിയിരുന്നവർ
കാലാന്തരത്തിൽ
ഓർമ്മകൾക്കന്യരാവുന്നു
പതിവുള്ള യാത്രയിൽ
കാത്തിരുന്നെന്നോട്
ഇഷ്ടം പറഞ്ഞവൾ
ക്കെപ്പോഴോ ഞാനന്യനായി
കടംതരാനിനിയില്ലെന്ന്
പറഞ്ഞനാൾ മുതൽ
ഉറ്റസുഹൃത്തിനും
ഞാനെന്നേക്കുമന്യനായി
ഒരേ കുടുംബത്തിൽ
ഒന്നിച്ച് കഴിഞ്ഞവർ
പലയിടങ്ങളിലായ്
ഇന്നന്യരാവുന്നു

ജരാനരകൾ ബാധിച്ച
വൃദ്ധജനങ്ങൾ
കടുംബസദസ്സുകൾ
ക്കന്യരായ് തീരുന്നു
വൃദ്ധസദനങ്ങളിൽ
എത്തിപ്പെടുന്നവർ
എന്നേക്കുമായ്
മക്കൾക്കന്യരാവുന്നു
ഒരേയാത്രയിലടുത്തടു
ത്തിരുന്നവർ പരസ്പരം
കാണാതെ മൊഴിയാതെ
യിന്നന്യരായീടുന്നു
കൂട്ടായ്മകളിലെന്നും
സത്യം തിരഞ്ഞവർ
പൊതുവേദികൾക്കി
ന്നന്യരായ് തീരുന്നു



രാമകൃഷ്ണൻ ഗോവിന്ദപുരം



'മലബാർ മെഹ്ഫിൽ ' മെഗാ ഷോയുടെ ലോഗോ പ്രകാശനം അക്കാദമിയുടെ മുഖ്യരക്ഷാധികാരിയും നടനും സംവിധായകനുമായ നാദിർഷ, കേന്ദ്ര കമ്മിറ്റി ഉപാധ്യക്ഷനും മലബാർ മേഖല ചാപ്റ്റർ ചെയർമാനുമായ സുബൈർ കൊളക്കാടന് നൽകി നിർവഹിച്ചപ്പോൾ

## 'മലബാർ മെഹ്ഫിൽ' മെഗാഷോയുടെ ലോഗോ പ്രകാശനം ചെയ്തു

കോഴിക്കോട്: കേരള മാപ്പിളകലാ അക്കാദമിയുടെ 24ാം വാർഷികാഘോഷത്തിന്റെ ഭാഗമായി ഏപ്രിൽ അവസാന വാരം കോഴിക്കോട്ട് വച്ച് നടക്കുന്ന 'മലബാർ മെഹ്ഫിൽ ' മെഗാ ഷോയുടെ ലോഗോ പ്രകാശനം അക്കാദമിയുടെ മുഖ്യരക്ഷാധികാരിയും നടനും സംവിധായകനുമായ നാദിർഷ, കേന്ദ്ര കമ്മിറ്റി ഉപാധ്യക്ഷനും മലബാർ മേഖല ചാപ്റ്റർ ചെയർമാനുമായ സുബൈർ കൊളക്കാടന് നൽകി നിർവഹിച്ചു. മാനവികതയുടെ മഹനീയ സന്ദേശം മലബാറിൽ എല്ലാവരിലും എത്തിക്കുകയാണ് മെഗാ ഷോയിലൂടെ അക്കാദമി ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര കമ്മിറ്റി പ്രസിഡന്റ് തലശ്ശേരി കെ.റഫീഖ് പറഞ്ഞു. ചടങ്ങിൽ മേഖല ചാപ്റ്റർ ജന. സെക്രട്ടറിയും കേന്ദ്ര കമ്മിറ്റി അംഗവുമായ കോയട്ടി മാളിയേക്കൽ, അഡ്വ.സിറാജുദ്ദീൻ ഇല്ലത്തോടി, ബോബിഷ് കുന്നത്ത്, ഹാഷിം. കെ എന്നിവർ പങ്കെടുത്തു.








ABDUL AZEEZ KADENGAL
Proprietor
+91 9349119197

Tel : +91 495 2305814, 2302234
2300655,4855349

THREE STAR ENTERPRISES
Manpower Consultants
(Approved by Govt.of India)
Lic.No.B-779/KER/PER/1000+/5/4431/95
14/23J, Southern Trade Tower
Francis Road Junction,Calicut - 673 002, Kerala, India
Branch:
55/2869,First Floor,Bodhi Building,MG Road,Ravipuram
Cochin-682015,Ph:0484 2359197,2359084
E-mail : threestaraziz@gmail.com
ISO 9001 : 2008



# നിർമാണപ്പെരുമയിൽ കുഞ്ഞാമുവിന്റെ കൈയ്യൊപ്പ്

### പീപ്പിൾസ് റിവ്യൂ ന്യൂസ്ബ്യൂറോ

**43** വർഷത്തിന്റെ കരുത്തും അനുഭവവും ചേർത്ത് പണിതതാണ് എം.വി കുഞ്ഞാമു എന്ന കോൺട്രാക്ടറുടെ ജീവിത വിജയകഥ. നിർമാണ മേഖലയിലെ വിശ്വാസത്തിന്റെ കരുത്തുറ്റ നാമമായി മാറിയിരിക്കുകയാണിന്ന് എം.വി.കെ കൺസ്ട്രക്ഷനും എം.വി.കെ എന്റർപ്രൈസസും എം.വി.കെ അസോസിയേറ്റ്സും. മനുഷ്യൻ ഒന്ന് നിശ്ചയിക്കും, ദൈവം മറ്റൊന്ന് തീരുമാനിക്കും. നമ്മൾ ഇതിനെ വിധിയുടെ വൈപരീത്യമെന്ന് വിളിക്കുന്നു. സത്യത്തിൽ ഇത് വിധി വൈപരീത്യമല്ല, വിധി തന്നെയാണ്. ദൈവത്തിന്റെ വിധി. ഇറങ്ങിത്തിരിച്ച ജോലി കിട്ടാതായപ്പോൾ നിർമാണ മേഖലയിൽ കൈവച്ചു വിധിപോലെ വിജയം വരിച്ച കഥയാണ് എം.വി കുഞ്ഞാമു എന്ന കോൺട്രാക്ടറുടേത്. ഒരു സർക്കാർ ജീവനക്കാരനാവാൻ ആഗ്രഹിച്ച് അതിനായി പ്രയത്നിച്ചിട്ടും അത് സാധ്യാമാവാതെ, ഒടുവിൽ അനേകം സർക്കാർ കെട്ടിടങ്ങൾ പണിയുന്ന വലിയ കോൺട്രാക്ടറായി മാറിയ വ്യക്തിയാണ് എം. വി കുഞ്ഞാമു.തന്റെ കഠിനപ്രയത്നം കൊണ്ടും നേതൃശേഷികൊണ്ടും എം.വി കുഞ്ഞാമു എന്ന വലിയ മനുഷ്യൻ നമ്മുടെ നാട്ടിലും മറുനാട്ടിലുമായി പണിതുയർത്തിയത് കുറേ വിശ്വാസത്തിന്റെ വലിയ ഉറച്ച കോട്ടകൾ കൂടിയാണ്. ഒരു സാധാരണ കുടുംബത്തിൽ ജനിച്ച് ജീവിത സാഹചര്യങ്ങളോട് പോരാടി വിജയം വരിച്ച മനുഷ്യന്റെ അത്ഭുത കഥ കൂടിയാണ് എം.വി കുഞ്ഞാമു എന്ന മനുഷ്യ സ്നേഹിയുടേത്. തന്റെ വരുമാനത്തിന്റെ നല്ലൊരു വിഹിതം അശരണർക്ക് തണലേകാനും ദരിദ്രർക്ക് അന്നമേകാനും മാറ്റിവയ്ക്കുന്ന ജീവകാരുണ്യ പ്രവർത്തകന്റെ പേര് കൂടിയാണ് എം.വി കുഞ്ഞാമുവെന്നത്.

### ജനനം, വളർച്ച

വായിൽ വെള്ളിക്കരണ്ടിയുമായി ജനിച്ച വ്യക്തിയല്ല കുഞ്ഞാമു, 1956ൽ ഒരു സാധാരണ കുടുംബത്തിലാണ് ജനനം, കോഴിക്കോട് ജില്ലയിലെ പെരുമണ്ണ പഞ്ചായത്തിൽ മേത്തൽ വളപ്പിൽ പാറക്കോട്ട് അഹമ്മദിന്റേയും പാത്തേയ് ഹജ്ജുമ്മയുടെയും മകനായാണ് ജനനം. ജീവിത പ്രാരാബ്ധങ്ങളുടെ മുന്നിൽ പഠനം പാതിവഴിയിൽ ഉപേക്ഷിച്ചു. എന്നാൽ ജീവിതത്തോട് പൊരുതാനുള്ള മനസും കരുത്തും കൈമുതലാക്കിയ എം.വി കുഞ്ഞാമു എന്ന മനുഷ്യൻ തന്റെ നിശ്ചയദാർഢ്യത്തിന്റെയും പോരാട്ട വീര്യത്തിന്റെയും കരുത്തിൽ വിജയഗാഥകൾ തീർത്തുവരുന്നതാണ് പിന്നീട് കണ്ടത്. ഏതൊരു കൗമാര പ്രായക്കാരനെപ്പോലെയും ഒരു സർക്കാർ ഉദ്യോഗം തന്നെയായിരുന്നു ഈ ചെറുപ്പക്കാരന്റേയും ജീവിതത്തിന്റെ ആദ്യ സ്വപ്നം. ആ കാലത്ത് സാധാരണ കുടുംബത്തിൽ ജനിച്ച മലബാറുകാരനായ ഒരു മലയാളിയുടെ വലിയ സ്വപ്നങ്ങളിലൊന്നാണ് സർക്കാർ ഉദ്യോഗം. അതിനായി കെ.എസ്.ആർ.ടി.സിയിൽ ഗാരേജ് ജോലിക്ക് അപേക്ഷ നൽകിയെങ്കിലും വിളിക്കാൻ വൈകി. വാതിലുകൾ പലതും മുട്ടി, ശുപാർശകൾ പലവഴിക്ക് നൽകി, ഫലമുണ്ടായില്ല.

അപ്പോഴാണ് പൊതുമരാമത്ത് വകുപ്പ് മന്ത്രിമാർ ഉൾപ്പെടെയുള്ള ഉന്നതർ ആത്മവിശ്വാസമുണ്ടെങ്കിൽ നിർമാണ മേഖലയിലേക്ക് കാലെടുത്തുവയ്ക്കാം എന്ന ഉപദേശം കുഞ്ഞാമുവിന് നൽകുന്നത്. ഈ ഉപദേശം പിന്നീട് ജീവിതത്തിൽ വഴിത്തിരിവാവുകയായിരുന്നു. നിർമാണമേഖലയിലല്ലെങ്കിലും പിതാവിന് ചെറിയ രീതിയിൽ കച്ചവടമുണ്ടായിരുന്നു. ഈ ബിസിനസ് പാരമ്പര്യം ഈ നിർമാണ മേഖലിയിലേക്ക് കടന്നുവരാനുള്ള ഒരു വഴിയായി മാറുകയായിരുന്നു. അങ്ങനെയാണ് എം.വി കുഞ്ഞാമു എന്ന മനുഷ്യൻ നിർമാണ മേഖലയിൽ വിശ്വാസത്തിന്റെ രമ്യഹർമങ്ങൾ പണിയാൻ തുടങ്ങിയത്. അന്ന് ഒരു സർക്കാർ ജോലിക്കാരനായി മാറിയിരുന്നെങ്കിൽ ഇന്ന് നിർമാണ മേഖലയിലെ വിശ്വാസത്തിന്റേയും കരുത്തിന്റേയും പര്യായമായ എം.വി കുഞ്ഞാമു എന്ന കോൺട്രാക്ടർ ഉണ്ടാവുമായിരുന്നില്ല. ഇതിനെയാണ് നാം ഒന്നു വിചാരിക്കും, ദൈവം മറ്റൊന്ന് വിധിക്കുമെന്ന് പറയുന്നത്.

### നിർമാണമേഖലയിലെ ഔന്നിത്യം

നിർമാണ ചാരുതയിൽ കറ തീർന്നതും മികവാർന്നതുമായ അനേകം ആസ്ഥാനമന്ദിരങ്ങളും ഓഫിസുകളും പള്ളികളും പള്ളികൂടങ്ങളും മറ്റു കെട്ടിടങ്ങളും പണിത കേരളത്തിലെ അപൂർവം കോൺട്രാക്ടർമാരിൽ ഒരാളാണ് എം.വി കുഞ്ഞാമു, പ്രാഥമിക വിദ്യാഭ്യാസം മാത്രമുള്ള ഒരാൾ, എന്നാൽ നിർമാണ രംഗത്തെ ഏറ്റവും ആധുനികമായ സംവിധാനങ്ങൾ ഉപയോഗിച്ച് വലിയ നിർമാണ കമ്പനി പണിയുകയായിരുന്നു. 1979 മുതൽ കോഴിക്കോട് ജില്ല കേന്ദ്രീകരിച്ചാണ് ചെറിയ നിർമാണ പ്രവൃത്തികൾ ഏറ്റെടുത്ത് തുടങ്ങിയത്. തുടർന്ന് പി.ഡബ്ല്യു.ഡിയിൽ സി ക്ലാസ് ലൈസൻസും പിന്നീട് എ ക്ലാസ് ലൈസൻസും ലഭിച്ചു. ചെറിയ രണ്ട് വീട് നിർമാണങ്ങളിലായിരുന്നു തുടക്കം. 1979ൽ മാത്തറ സി.ഐ.ആർ സ്കൂളിന് കെട്ടിടം നിർമിക്കാനുണ്ടെന്ന വിവരം ലഭിക്കുന്നു. തുടർന്ന് നാട്ടുകാരനാണെന്ന പരിഗണനയിൽ നിർമാണത്തിനുള്ള കരാർ കുഞ്ഞാമുവിന് ലഭിക്കുന്നു. ഇതിൽ നിന്നാണ് കുഞ്ഞാമു പിന്നെ ഉയർച്ചയിലേക്ക് പറന്നു തുടങ്ങിയത്. ഇന്ന് ഐ.എസ്.ഒ അംഗീകാരം വരെ ലഭിച്ച എം.വി.കെ ആന്റ് അസോസിയേറ്റ് എന്ന സ്ഥാപനത്തിന്റേയും എം.വി.കെ കൺസ്ട്രക്ഷന്റേയും മാനേജിങ് പാർട്ണറാണ് എം.വി കുഞ്ഞാമു. പിന്നീട് ഒരിക്കലും ബിസിനസിൽ ഈ മനുഷ്യന് തിരിഞ്ഞുനോക്കേണ്ടി വന്നിട്ടില്ല.

തന്റെ ജീവിതത്തിന്റേയും ബിസിനസിന്റെയും വിജയത്തിന്റെ കാരണമായി എം.വി കുഞ്ഞാമു പറയുന്ന കാര്യങ്ങൾ ഇതാണ്. 'പലഫ്രദമായ നേതൃത്വവും നിർമാണ മേഖലയിലെ നൈപുണ്യവുമാണ് വിജയത്തിന്റെ നിദാനങ്ങളിലൊന്ന് . കുറവുകളും തിരുത്തലുകളും വരുത്തി മുന്നേറിയതും കൃത്യനിഷ്ഠമായി നിർമാണം പൂർത്തിയാക്കി നൽകിയതും വിജയത്തിലേക്കും അതുവഴി വിശ്വാസത്തിനുമുള്ള വലിയ കാൽവയ്പ്പായി മാറി. നല്ല സംഘാടനശേഷിയും വിജയത്തിലേക്കുള്ള വഴി എളുപ്പമാക്കി. എല്ലാത്തിനുമുപരി അശ്രാന്തമായ പരിശ്രമവും ഒത്തുതീർപ്പില്ലാത്ത കഠിനാധ്വാനവും വിജയത്തിന്റെ യഥാർത്ഥ കാരണങ്ങളാണെന്ന് കുഞ്ഞാമു പറയുന്നു'. ദൈവത്തിന്റെ അപാരമായ അനുഗ്രഹമുണ്ടെന്ന് ഉറച്ച് വിശ്വസിക്കുന്ന വിശ്വാസി കൂടിയാണ് കുഞ്ഞാമു. ഈ വിജയത്തിൽ ആദ്യാവസാനമുള്ള നന്ദി ദൈവത്തിന് അർപ്പിക്കുകയാണ് ഈ വലിയ മനുഷ്യൻ.

### ജീവകാരുണ്യരംഗത്തെ കൊടിയടയാളം

ജീവകാരുണ്യരംഗത്തെ നിറസാന്നിധ്യമാണ് കുഞ്ഞാമു. ആരുമറിയാതെ അനേകായിരം പാവപ്പെട്ടവരെ സഹായിക്കുകയും അവരുടെ കണ്ണീരൊപ്പുകയും ചെയ്യുന്ന മനുഷ്യസ്നേഹിയും ജീവകാരുണ്യ പ്രവർത്തകനുമാണ്. ജീവകാരുണ്യ രംഗത്ത് പ്രവർത്തിക്കുന്ന നിരവധി സംഘടനകളുടെ സാരഥ്യവും അദ്ദേഹത്തിനുണ്ട്. സ്വാർത്ഥ താൽപര്യങ്ങളൊന്നുമില്ലാതെ, നിസ്സഹായർക്ക് സഹായം നൽകിയ അനേകം സംഭവങ്ങളുണ്ട്. മണലാരണ്യങ്ങളിൽ പ്രതീക്ഷ നഷ്ടപ്പെട്ട് തിരികെ വരുന്ന പ്രവാസികൾക്ക് പുനരധിവാസത്തിന് വേണ്ടി കർമനിരതനായി രംഗത്ത് വരാനും അവർക്ക് കൈത്താങ്ങാവാനും വിവിധ പദ്ധതികളുടെ ഭാഗമാവാനും അദ്ദേഹത്തിന് കഴിഞ്ഞു. ബിസിനസിലൂടെ ലഭിക്കുന്ന സമ്പത്ത് കേവലം ബാങ്ക് ബാലൻസാക്കി സൂക്ഷിച്ചു വെയ്ക്കാതെ അനേകം മനുഷ്യരുടെ വീടുകളിൽ അന്നവും അടുപ്പിലെ അഗ്നിയുമാവണമെന്നതാണ് ഈ മനുഷ്യന്റെ ആഗ്രഹം. 'ഭൂമിയിലുള്ളവനോട് നീ കരുണ കാണിച്ചാൽ ആകാശത്തുള്ളവൻ നിന്നോട് കരുണ കാണിക്കുമെന്ന' വിശുദ്ധ വാക്യമാണ് അദ്ദേഹത്തിന്റെ കരുത്ത്. ലഭിക്കുന്നതിൽ നിന്ന് ഒരു വിഹിതം മറ്റുള്ളവർക്ക് നൽകിക്കൊണ്ടിരുന്നാൽ ദൈവം വീണ്ടും വീണ്ടും നൽകിക്കൊണ്ടിരിക്കുമെന്ന് അദ്ദേഹം ഉറച്ചു വിശ്വസിക്കുന്നു.

തിരിഞ്ഞുനോക്കുമ്പോൾ തികഞ്ഞ ആത്മ സംതൃപ്തിയിലാണ് അദ്ദേഹം. കഠിനാധ്വാനത്തിലൂടെയും പരിശ്രമത്തിലൂടെയും നിർമാണമേഖലയിൽ പേരുകേട്ട ഒരു ബിസിനസ് സ്ഥാപനം കെട്ടിപ്പടുക്കാനായി എന്നതു തന്നെയാണ് ഏറ്റവും വലിയ കാര്യമായി കുഞ്ഞാമു കാണുന്നത്. ശ്രദ്ധേയമായ നിരവധി പ്രൊജക്ടുകളുടെ ഭാഗമാകാനും വിശ്വസ്തതയോടെ അത് പൂർത്തിയാക്കാനും സാധിച്ചതും നിരവധി പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞതും വലിയ സംതൃപ്തിയുണ്ടാക്കുന്ന കാര്യമാണ്. എല്ലാവരുടെയും വിശ്വാസ്യത നേടിയും അവരുടെ ഇഷ്ടാനിഷ്ടങ്ങൾ മനസ്സിലാക്കിയും മുന്നോട്ടു പോകാൻ കഴിഞ്ഞതും തിരിഞ്ഞുനോക്കുമ്പോൾ ജീവിതത്തിൽ വലിയ സന്തോഷമാണ്. താൻ പണിത കെട്ടിടങ്ങളിൽ അനേകം മനുഷ്യർ ആത്മസംതൃപ്തിയോടെ അന്തിയുറങ്ങുകയും ജോലി ചെയ്യുകയും ചെയ്യുന്നു എന്നതിനെക്കാൾ വലിയ സന്തോഷം എന്തുണ്ട് ഒരു മനുഷ്യന് ലഭിക്കാൻ ?



### സാമൂഹിക രംഗത്തും വിരലടയാളം

നിർമാണ രംഗത്തെ കൃത്യാന്തര ബാഹുല്യം കാരണം സാമൂഹിക ജീവിതത്തിൽ നിന്നും അകന്നു നിൽക്കുന്ന വ്യക്തിയല്ല കുഞ്ഞാമു. തിരക്കിനിടയിലും വിവിധ സാമൂഹിക-സംസ്കാരിക സംഘടനകളിലും പ്രസ്ഥാനങ്ങളിലും പങ്കാളിയാണ് അദ്ദേഹം. ആശാ സാംസ്കാരിക സംഘടനയുടെ സാരഥി, സി.ഐ.ആർ.എച്ച്. എസ് സ്കൂൾ കമ്മിറ്റിമെമ്പർ, മുഹമ്മദ് റാഫി റിസർച്ച് അക്കാദമി പ്രസിഡന്റ് തുടങ്ങി സാമൂഹിക വിദ്യാഭ്യാസ മേഖലയിലും കാരുണ്യമേഖലയിലും അദ്ദേഹം നിറഞ്ഞുനിൽക്കുന്നു. കാലിക്കറ്റ് ചേംബർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി മെമ്പർ, മലബാർ ചേംബർ ഓഫ് കോമേഴ്സ് മെമ്പർ, കേരള ചേംബർ ഓഫ് കോമേഴ്സ് മെമ്പർ, ഇൻഡോ അറബ് കോൺഫെഡറേഷൻ കൗൺസിൽ ഗ്ലോബർ പ്രസിഡന്റ്, സൊസൈറ്റി ഫോർ മെന്റൽ ഹെൽത്തിന്റെ എക്സിക്യൂട്ടീവ് അംഗം, എം.എസ്.എസ് കമ്മിറ്റി അംഗം, ഈസ്റ്റ് വള്ളിക്കുന്ന് മഹല്ല് ജമാഅത്ത് കമ്മിറ്റി പ്രസിഡന്റ്, പെരുമണ്ണ അഗതി മന്ദിരം ട്രഷറർ എന്നീ നിലകളിലെല്ലാം അദ്ദേഹം കർമനിരതനാണ്.

### മാറ്റേറ്റുന്ന പ്രവൃത്തികൾ

നിർമാണ മേഖലയിലെ ഏതു തരത്തിലുള്ള പ്രോജക്ടുകളും ഏറ്റെടുത്ത് നടത്താനുള്ള സംവിധാനം എം.വി.കെക്കുണ്ട്. സിവിൽ എൻജിനീയർമാരും ടെക്നിക്കൽ സ്റ്റാഫും മറ്റ് തൊഴിലാളികളും എം.വി.കെ ഗ്രൂപ്പിൽ സുസജ്ജരാണ്. പി.ഡബ്ല്യു.ഡി എ ക്ലാസ് കോൺട്രാക്ടറായ എം.വി കുഞ്ഞാമു പൂർത്തിയാക്കിയ പ്രൊജക്ടുകൾ പലതാണ്. ഫാറൂഖ് കോളേജ് വർക്ക്, എം.ഇ.എസ് കാമ്പസ് സ്കൂൾ ആന്റ് ഹോസ്റ്റർ ബിൽഡിംഗ് കുറ്റിപ്പുറം, അമാന ടൊയോട്ട ഷോറൂമുകൾ, അക്ഷയ ഗോൾഡ് അപ്പാർട്ട്മെന്റ്സ് , ഇമാദ് ടവർ കണ്ണൂർ, ലുലു സെന്റർ കണ്ണൂർ, സിൽവർ ഓക്ക് ലക്ഷ്വറി അപ്പാർട്ട്മെന്റ്സ് , മജ്‌ലീസ് ആർട്സ് ആന്റ് സയൻസ് കോളേജ് വളാഞ്ചേരി, ക്രസന്റിന്റെ വർക്കുകൾ , കെ.വി.ആറിന്റെ വർക്കുകൾ, ചേവായൂരിലെ സിജി കാര്യാലയം, ഈസ്റ്റ് ഹില്ലിലെ കൗൺസിൽ അപ്പാർട്ട്മെന്റ്, 18 ൽ പരം പള്ളികൾ, കാലിക്കറ്റ് പ്രസ് ക്ലബ് കെട്ടിടം, ഭാരതീയ വിദ്യാഭവൻ സ്കൂൾ, എം.എസ്.എസ് സ്കൂൾ കെട്ടിടങ്ങൾ, കാലിക്കറ്റ് ഗേൾസ് സ്കൂൾ, എം.എം ഹൈസ്കൂൾ, പ്രസ്റ്റീജ് സ്കൂൾ, ആപ്പ്കോ ഷോറും തുടങ്ങിയവ അവയിൽ ചിലതുമാത്രം

### തേടിയെത്തുന്ന അംഗീകാരം

നിർമാണ രംഗത്തെ മികവിന് പുരസ്കാരങ്ങളുടെ ഒരു ഘോഷയാത്ര തന്നെ എം.വി കുഞ്ഞാമുവിനെ തേടിയെത്തിയിട്ടുണ്ട്. ഓരോ പുരസ്കാരവും നിർമാണ മേഖലയിലെ കൂടുതൽ സത്യസന്ധമായി മുന്നേറാനുള്ള പ്രചോദനമാവുന്നുണ്ടെന്ന് അദ്ദേഹം പറയുന്നു. മുൻ രാഷ്ട്രപതി കെ.ആർ നാരായണനിൽ നിന്നും മുൻ മുഖ്യമന്ത്രിമാരായ ഇ.കെ നായനാരിൽ നിന്നും ഉമ്മൻചാണ്ടിയിൽ നിന്നും പാണക്കാട് ഹൈദരാലി ശിഹാബ് തങ്ങളിൽ നിന്നും പാണക്കാട് സാദിഖലി ശിഹാബ് തങ്ങളിൽ നിന്നും മുൻ ലോകസഭാ സ്പീക്കർ പി.എം സഈദിൽനിന്നും ഉൾപ്പെടെ നിരവധി പ്രശസ്ത വ്യക്തികളിൽ നിന്നും പുരസ്കാരങ്ങൾ ഏറ്റുവാങ്ങിയിട്ടുണ്ട്. പീപ്പിൾസ് റിവ്യു ന്യൂസ്പേപ്പറിന്റെ മൂന്നാം വാർഷികത്തോടനുബന്ധിച്ച് കോഴിക്കോട് ടൗൺ ഹാളിൽ നടന്ന ചടങ്ങിൽ പാർലമെന്റംഗം എം.കെ രാഘവൻ നിർമാൺ പ്രതിഭാ പുരസ്കാരം നൽകി ആദരിക്കുകയുണ്ടായി. കെട്ടിട നിർമാണ രംഗത്ത് സൂക്ഷ്മതയും ക്വാളിറ്റിയും കൂട്ടിച്ചേർത്ത ചായംകൊണ്ട് നിർമാണ മേഖലയിൽ വേറിട്ട വർണ ചിത്രങ്ങൾ നിർമിച്ച് ആത്മാർഥതയും കഠിനാധ്വാനവും സത്യസന്ധതയും മുറുകെപിടിച്ച് സമൂഹത്തിനാകെ മാതൃകയായി മാറിയിരിക്കുകയാണ് എം.വി കുഞ്ഞാമു എന്ന വ്യക്തി.

### യാത്രകളുടെ തോഴൻ

യാത്രകൾ ഇഷ്ടപ്പെടുന്ന വ്യക്തിയാണ് കുഞ്ഞാമു. വിവിധ ലോകരാജ്യങ്ങളിലൂടെ സഞ്ചരിച്ച് അനുഭവങ്ങൾ നേടുക എന്നതാണ് ഇതിന്റെ പിന്നിലെ താൽപര്യം അമേരിക്ക, റഷ്യ, യു.കെ, തുർക്കി, സിറിയ, ഈജിപ്ത്, ജോർദാൻ, ആഫ്രിക്കൻ രാജ്യങ്ങൾ, യൂറോപ്യൻ രാജ്യങ്ങൾ, ഗൾഫ് നാടുകൾ ഉൾപ്പെടെ 39 രാജ്യങ്ങളിൽ സന്ദർശനം നടത്തിയിട്ടുണ്ട്. മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ പലപ്പോഴായി പല തവണ സന്ദർശനം നടത്തിയിട്ടുണ്ട്.

### പിന്തുണയായി കുടുംബം

തിരൂർ പൊന്മുണ്ട സ്വദേശിയും നീലഗിരി ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മീഷണറുമായിരുന്ന പരേതനായ മൂസക്കുട്ടിയുടെ മകളും ബി.എസ്.സി ബിരുദധാരിയുമായ ഫാത്തിമയാണ് സഹധർമിണി. ബിസിനസ്കാരിയും എം.ബി.എ ബിരുദധാരിയുമായ ഷഫ്നയാണ് മൂത്തമകൾ, ബി.ടെക് ബിരുദധാരിയായ ഷംന രണ്ടാമത്തെ മകൾ, വിദ്യാർഥിയായ ഷഹൽ അഹമ്മദാണ് മകൻ. ഗവൺമെന്റ് സർവീസിൽ സേവനം ചെയ്യുന്ന മലപ്പുറം സ്വദേശിയായ ഡോ.ലിയാക്കത്തലിയും തൃശൂർ സ്വദേശിയായ ഡോ. അബ്ദുറശീദുമാണ് മരുമക്കൾ. കുടുംബത്തിന്റെ പൂർണ പിന്തുണയാണ് കുഞ്ഞാമുവിന്റെ കരുത്ത്.

### നിർമാണ മേഖല പുരസ്കാരങ്ങൾ

**1984ൽ** സി.ഐ.ആർ.എച്ച്. എസ് സൊസൈറ്റിയുടെ കീഴിലുള്ള ഹോസ്റ്റൽ പൂർത്തീകരിച്ചതിൽ സത്യസന്ധതക്കുള്ള ഉപഹാരം അഡ്വ. എം മുഹമ്മദ് സാഹിബിൽ നിന്ന് ഏറ്റുവാങ്ങി1988ൽ കാപ്പാട് ഐനൂൽ ഹുദ ഹോസ്പിറ്റൽ നിർമാണം വിജയകരമായി പൂർത്തീകരിച്ചപ്പോൾ അന്നത്തെ പൊതുമരാമത്ത് മന്ത്രി സി.ടി അഹമ്മദലിയിൽനിന്ന് അവാർഡ് ഏറ്റുവാങ്ങി. **1991ൽ** ഫാറൂഖ് കോളേജ് കാമ്പസ് റൗളത്തൂർ ഉലും അസോസിയേഷന്റെ ഹോസ്റ്റൽ കെട്ടിടം സമയബന്ധിതമായി പൂർത്തീകരിച്ചതിന് വ്യവസായ പ്രമുഖൻ എ.കെ കാദർകുട്ടി സാഹിബിൽ നിന്ന് പുരസ്കാരം ഏറ്റുവാങ്ങി. **1994ൽ** ഫാറൂഖ് കോളേജ് ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് നിർമിച്ച ഓഡിറ്റോറിയത്തിന്റെ നിർമാണത്തിനുള്ള പുരസ്കാരം ഏറ്റുവാങ്ങിയത് മുൻ ലോക്സഭാസ്പീക്കറും കേന്ദ്രമന്ത്രിയായിരുന്ന പി.എം സഈദിൽ നിന്ന്. **1997ൽ** കോഴിക്കോട് പ്രസ് ക്ലബിന്റേയും ഓഡിറ്റോറിയത്തിന്റേയും ജേർണലിസം ഇൻസ്റ്റിറ്റ്യൂട്ടിന്റേയും നിർമാണം പൂർത്തീകരിച്ചപ്പോൾ അന്നത്തെ മുഖ്യമന്ത്രി ആയിരുന്ന ഇ.കെ നായനാരിൽ നിന്നാണ് അവാർഡ് സ്വീകരിച്ചത്. **2001ൽ** മലപ്പുറം ജില്ലയിലെ പുറമണ്ണൂരിൽ മജ്‌ലിസ് ആർട്സ് ആന്റ് സയൻസ് കോളേജ് കെട്ടിടം പൂർത്തീകരിച്ചതിനുള്ള അവാർഡ് നൽകിയത് ജി.എം ബനാത്ത് വാലയും പാണക്കാട് ഹൈദരലി ശിഹാബ് തങ്ങളുമാണ്, എം.എസ്.എസ് കോളേജിന്റെ നിർമാണം പൂർത്തീകരിച്ചതിനുള്ള അവാർഡ് മലബാർ ചേംബർ ഓഫ് കോമേഴ്സ് പ്രസിഡന്റും വ്യവസായ പ്രമുഖനും പി.ഐ സൺസ് ഉടമ കെ.വി കുഞ്ഞമ്മദ് കോയയിൽ നിന്ന് ഏറ്റുവാങ്ങി, കണ്ണൂർ ജില്ലയിലെ നിർമാണ മേഖലയിലെ സേവനങ്ങൾക്ക് മുൻ മന്ത്രി പി.കെ ശ്രീമതി ടീച്ചർ ഉപഹാരം നൽകി ആദരിച്ചു. **2002ൽ** കോഴിക്കോട് ഹോട്ടൽ റിനൈസൺസിന്റെ കെട്ടിട നിർമാണം ഭംഗിയായി പൂർത്തീകരിച്ചതിന് പാണക്കാട് സാദിഖലി തങ്ങളിൽനിന്നാണ് അവാർഡ് ഏറ്റുവാങ്ങിയത്.

**2004ൽ** കെ.എസ്.ടി.ഇ.ഒ സംസ്ഥാന കമ്മറ്റി ചാരിറ്റി അവാർഡ് നൽകി. **2011ൽ** കൺസ്ട്രക്ഷൻ നിർമാണ രംഗത്തെ മികവിനുള്ള അംഗീകാരമായി നിർമാൺ പ്രതിഭാ പുരസ്കാരം രാഘവൻ എം.പിയിൽ നിന്ന് ഏറ്റുവാങ്ങി, കാലിക്കറ്റ് കൾച്ചറൽ സെന്റർ പുരസ്കാരം ലഭിച്ചു. **2012ൽ** ഫാറൂഖ് കോളേജിലുള്ള അൽഫാറൂഖ് സീനിയർ സെക്കൻഡറി സ്കൂൾ കെട്ടിടത്തിന്റെ പുതിയ ബ്ലോക്കിന്റെ നിർമാണം പൂർത്തീകരിച്ചതിന് കേന്ദ്ര പ്രവാസി വകുപ്പ് മന്ത്രി ഇ. അഹമ്മദിൽ നിന്ന് അവാർഡ് ഏറ്റുവാങ്ങി, ഫാറൂഖ് കോളേജ് ജൂബിലി ബിൽഡിങ്ങ് പൂർത്തീകരിച്ചതിന് അൽഹജാദ് ചാരിറ്റബിൾ സൊസൈറ്റി ജനറൽ മാനേജർ അഹമ്മദ് അൽ അൻസാരിയിൽ നിന്ന് അവാർഡ് ഏറ്റുവാങ്ങി. **2013ൽ** ബാബു- ജഗ്ജീവൻ റാം കലാസംസ്കൃതി ആന്റ് സാഹിത്യ അക്കാദമിയുടെ നിർമാൺ പ്രതിഭാ പുരസ്കാരം ന്യൂഡൽഹിയിൽ വച്ച് മുൻ കേന്ദ്രമന്ത്രി ചൗധരി ദേശായിയിൽ നിന്നും ഏറ്റുവാങ്ങി. **2014ൽ** ലെൻസ്ഫെഡ് ബിൽഡിങ്ങ് എക്സ്പോ പ്രമുഖ കരാറുകാരെ ആദരിച്ച ചടങ്ങിൽ അന്നത്തെ മുഖ്യമന്ത്രി ഉമ്മൻചാണ്ടി അവാർഡ് നൽകി ആദരിച്ചു, ഗ്ലോബൽ സ്കൂൾ നിർമാണം വേഗം പൂർത്തീകരിച്ചതിന് വ്യവസായ ഐ.ടി മന്ത്രി ആയിരുന്ന പി.കെ കുഞ്ഞാലിക്കുട്ടിയിൽനിന്ന് അവാർഡ് ലഭിച്ചു, മലപ്പുറത്തെ അൽ അബീർ ഫൗണ്ടേഷൻ കെട്ടിടം സമയബന്ധിതമായി പൂർത്തീയാക്കിയതിന് മന്ത്രിയായിരുന്ന പി.കെ കുഞ്ഞാലിക്കുട്ടിയിൽ നിന്നും ഉപഹാരം ഏറ്റുവാങ്ങി, സി.എം.എയുടെ പ്രസ്റ്റീജ് പബ്ലിക്ക് സ്കൂൾ ബിൽഡിങ് പൂർത്തീകരിച്ചതിന് എം.എൽ.എ ആയിരുന്ന പി.എം.എ സലാം ഉപഹാരം നൽകി. **2015ൽ** കുറ്റിച്ചിറ സ്കൂൾ വാർഷികത്തോട് അനുബന്ധിച്ച് സാമൂഹിക നീതി വകുപ്പ് മന്ത്രിയായിരുന്ന ഡോ. എം.കെ മുനീറിൽ നിന്ന് മികച്ച സാമൂഹിക പ്രവർത്തകനുള്ള അവാർഡ് സ്വീകരിച്ചു. **2016ൽ** റൂറൽ എജ്യൂക്കേഷൻ സോഷ്യൽ എംപവർമെന്റ്, ഖത്തർ ചാപ്റ്റർ കാരുണ്യ ശ്രീ പുരസ്കാരം ദോഹയിൽ വച്ച് ഏറ്റുവാങ്ങി. **2017ൽ** ഇന്ത്യൻ അച്ചീവേഴ്സ് ഫോറം-വാണിജ്യരംഗത്തെ സംഭാവനകൾ കണക്കിലെടുത്ത് ലൈഫ്ടൈം അച്ചീവ്മെന്റ് പുരസ്കാരം ന്യൂഡൽഹിയിൽ വച്ച് നൽകി ആദരിച്ചു, കൺസ്ട്രക്ഷൻ വർക്കേഴ്സ് സൂപ്പർവൈസേഴ്സ് അസോസിയേഷൻ നിർമാണ മേഖലയിലെ സംഭാവനകൾ പരിഗണിച്ച് ഉപഹാരം നൽകി ആദരിച്ചു. **2018ൽ** റഷ്യ-ഇന്ത്യ ചേംബറിന്റെ വാണിജ്യ മേഖലയിലുള്ള പ്രഗത്ഭമതികളിൽനിന്ന് മോസ്കോയിൽ നടന്ന ചടങ്ങിൽ മോസ്കോ സിറ്റി ഗവൺമെന്റ് മന്ത്രി സെർജി ചെർയോമിനിൽ നിന്നും എം.വി കുഞ്ഞാമു പുരസ്കാരം ഏറ്റുവാങ്ങി. **2019ൽ** നാഷണൽ ബിസിനസ്-സമ്മിറ്റ് അവാർഡ് ന്യൂഡൽഹിയിൽ വച്ച് ലഭിച്ചു.

### ചാരിറ്റി പുരസ്കാരങ്ങൾ

**2011ൽ** ഏറ്റവും മികച്ച സാമൂഹിക പ്രവർത്തനത്തിനുള്ള ഭാരതിയ സാഹിത്യ അക്കാദമിയുടെ ഭാരതരത്ന ബാബാസാഹിബ് ഡോ.ബി.ആർ അംബേദ്കർ നാഷണൽ അവാർഡ് പ്രസിഡന്റ് എസ്.പി സുമാനാർഷ്കറിൽ നിന്ന് ഡൽഹിയിൽ വച്ച് ഏറ്റുവാങ്ങി,ദേശീയ ദലിത് സാഹിത്യ അക്കാദമിയുടെ സാമൂഹിക-സാംസ്കാരിക വിദ്യാഭ്യാസ കാരുണ്യ നിർമാണ മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചവർക്കായി ഭാരതരത്ന ഡോ.ബി.ആർ അംബേദ്കർ നാഷണൽ അവാർഡ് മുൻ എം.പി സി.ഹരിദാസിൽനിന്ന് ഏറ്റുവാങ്ങി.

**2012ൽ** കോഴിക്കോട് നടന്ന സെമിനാറിൽ മികച്ച സാമൂഹിക പ്രവർത്തകനുള്ള ഉപഹാരം ഡോ.സാറാ ജോസഫ് നൽകി. ചിരന്തന ദുബായിയുടെ പ്രതിഭാ പുരസ്കാരം കോഴിക്കോട് ജില്ലാ കലക്ടറായിരുന്ന കെ.വി മോഹൻ കുമാർ എം.വി കൂഞ്ഞാമുവിന് സമ്മാനിച്ചു. **2013ൽ** കേരള ജനസമ്പർക്ക വേദിയുടെ മദർതെരേസ ദേശീയ പുരസ്കാരം കോഴിക്കോട് സാമൂതിരി രാജാവിൽ നിന്ന് ഏറ്റുവാങ്ങി. **2016ൽ** റൂറൽ എജ്യുക്കേഷൻ സോഷ്യൽ എംപവർമെന്റ് ഖത്തർ ചാപ്റ്റർ പുരസ്കാരം ദോഹയിൽ വച്ചു നടന്ന ചടങ്ങിൽ എം.വി കുഞ്ഞാമു ഏറ്റുവാങ്ങി. **2017ൽ** സാമൂഹിക -സാംസ്കാരിക -കാരുണ്യ രംഗത്തെ സമഗ്ര സംഭാവനകൾക്ക് ബഷീർ മാനവ മൈത്രി പുരസ്കാരം ലഭിച്ചു.

**2018ൽ** കെ.എം.സി.സി. ഡൽഹി സ്റ്റേറ്റ് കമ്മിറ്റി ഏർപ്പെടുത്തിയ സ്വീകരണത്തിൽ സി.പി ബാവഹാജിയും ഹാരിസ് ബീരാനും ചാരിറ്റി അവാർഡ് നൽകി ആദരിച്ചു. **2019ൽ** സെന്റ് ജൂഡ് ബുക്സ് പബ്ലിക്കേഷൻസ് പുസ്തക പ്രകാശന ചടങ്ങിൽ ചരിത്രകാരൻ ഡോ.എം.ജി.എസ് നാരായണൻ പൊന്നാട അണിയിച്ച് ആദരിച്ചു. **2020ൽ** മലയാള ചലച്ചിത്ര സൗഹൃദ വേദി കെ.പി ഉമ്മർ പുരസ്കാരം നൽകി ആദരിച്ചു, എസ്.കെ.പൊറ്റക്കാട്ട് സാഹിത്യ അവാർഡ് ദാനചടങ്ങിൽ ചാരിറ്റി മേഖലയിലെ സംഭാവനകൾക്ക് ചീഫ് സെക്രട്ടറിയായിരുന്ന ടോം.ജോസ് ആദരിച്ചു. **2022ൽ** ഇൻഡോ അറബ് കോൺഫെഡറേഷൻ കൗൺസിൽ ബോംബെയിൽ നടത്തിയ എൻ.ആർ.ഐ ഗ്ലോബൽ മീറ്റിൽ ചാരിറ്റി മേഖലയിലെ സംഭാവനകൾ മുൻനിർത്തി തുറമുഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ ആദരിച്ചു.

### എം.വി കുഞ്ഞാമു വഹിക്കുന്ന സ്ഥാനങ്ങൾ

ഇൻഡോ അറബ് കോൺഫഡറേഷൻ കൗൺസിൽ ഗ്ലോബൽ പ്രസിഡന്റ്, കേരള ഗവൺമെന്റ് കോൺട്രാക്ടേഴ്സ് ഓർഗനൈസേഷൻ സംസ്ഥാന ഉപദേശ സമിതി അംഗം, മുഹമ്മദ് റാഫി റിസർച്ച് അക്കാദമി പ്രസിഡന്റ്, കേരള സംസ്കാരിക വേദി കോഴിക്കോട് ജില്ലാ രക്ഷാധികാരി, മാത്തറ സി.ഐ.ആർ.എച്ച്.എസ്. സ്കൂൾ എക്സിക്യൂട്ടീവ് മെമ്പർ, ആശാ സാംസ്കാരിക സംഘടന മെമ്പർ , പെരുമണ്ണ അഗതി മന്ദിരം ട്രഷറർ, തലക്കുളത്തൂർ മാനസ് എക്സിക്യൂട്ടീവ് മെമ്പർ , സി.ഡി മീഡിയ ഡയരക്ടർ, മലയാള വാണിജ്യം ഡയരക്ടർ, ഗൾഫ് ന്യൂസ് മാനേജിങ്ങ് എഡിറ്റർ, ദലിതൻ മാസിക അസോസിയേഷൻ എഡിറ്റർ, മലബാർ ഡെവലപ്മെന്റ് കൗൺസിൽ ട്രഷറർ , ദേശിയ ദലിത് സാഹിത്യ അക്കാദമി രക്ഷാധികാരി.

### നിലവിൽ വഹിക്കുന്ന പദവികൾ

മാനേജിങ്ങ് പാട്ണർ,എം.വി.കെ ആന്റ് അസോസിയേറ്റ്സ്, സിവിൽ കോൺട്രാക്ടേഴ്സ്,ഓപ്പോ സ്ക്വയർ ബിൽഡിംഗ്, പാവമണി റോഡ്, കേരള. മാനേജിങ്ങ് പാട്ണർ, എം.വി.കെ കൺസ്ട്രക്ഷൻ ചാലപ്പുറം, കോഴിക്കോട്. എം.വി.കെ എന്റർപ്രൈസസ്, പന്തീരങ്കാവ്, കോഴിക്കോട്. എക്സിക്യൂട്ടീവ് ഡയരക്ടർ, ട്രു ടഫ് ഗ്ലാസ്, കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ,പാലക്കാട് കേരള. ടുബോണ്ട് , ചെയർമാൻ , എൽ.എൽ.പി പ്രൈവറ്റ് ലിമിറ്റഡ് ബാംഗ്ലൂർ , കർണാടകം.

# 'മധുര ചരിത്രം' 26,27ന്


പി.എസ് ശ്രീധരൻപിള്ള

രാജ്യം സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ മധുരത്തിന്റെ ചരിത്രം തുറന്നിടുകയാണ് പ്രമുഖ ബേക്കറി സ്ഥാപനങ്ങളായ കൊച്ചിൻ ബേക്കറിയും കണ്ണൂരിലെ ബ്രൗണീസ് ബേക്കറിയും. രാജ്യത്തിന്റെ ബേക്കറി ചരിത്രത്തിലെ അവിസ്മരണീയ നാമമായി മാമ്പള്ളി ബാപ്പുവിന്റെ പിൻമുറക്കാരായ കൊച്ചിൻ ബേക്കറി സാരഥി എം.പി രമേഷും ബ്രൗണീസ് ബേക്കറി മാനേജിങ് ഡയരക്ടർ എം.കെ രഞ്ജിത്തുമാണ് ഈ മഹത്തായ സംരംഭം നാടിനായി ഒരുക്കുന്നത്. കണ്ണൂർ നെഹ്രു മൈതാനത്ത് 26, 27 തീയതികളിലാണ് ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി സ്വാതന്ത്ര്യം ലഭിച്ചതിന് ശേഷമുള്ള 75 വർഷക്കാലത്തെ ചരിത്ര മുഹൂർത്തങ്ങൾ നീളൻ കേക്കിൽ ഒരുക്കുന്ന 'മധുര ചരിത്രം' പരിപാടി സംഘടിപ്പിക്കുന്നത്. 26ന് രാവിലെ 10 മണിക്ക് ഗോവ ഗവർണർ പി.എസ് ശ്രീധരൻപിള്ള ഉദ്ഘാടനം ചെയ്യും. മനുഷ്യാവകാശ കമ്മീഷനംഗം ടി.ബൈജുനാഥ്, കണ്ണൂർ കോർപറേഷൻ മേയർ ടി.ഒ മോഹനൻ എന്നിവർ മുഖ്യാതിഥികളായി സംബന്ധിക്കും. രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക രംഗത്തുള്ള പ്രമുഖർ ചടങ്ങിനെത്തും. 700 അടി നീളത്തിൽ ചോക്ലേറ്റ് ബ്രൗണി കേക്കാണ് നിർമിക്കുന്നത്.


എം.പി രമേഷ്

സ്വാതന്ത്ര്യസമരം, സ്ത്രീശാക്തീകരണം എന്നിവ മുഖ്യപ്രമേയങ്ങളാക്കിയാണ് കേക്ക് രൂപകൽപ്പന ചെയ്തിരിക്കുന്നത്. രാഷ്ട്രപതി, പ്രധാനമന്ത്രി, മുഖ്യമന്ത്രി, രാജ്യചരിത്രത്തിലെ ഉന്നത നേതാക്കൾ, വനിതാ മേഖലയിലെ സവിശേഷ വ്യക്തിത്വങ്ങളടക്കം കേക്കിന്റെ ചിത്രങ്ങളായി സ്ഥാനം പിടിക്കും. ലോകത്തെ 195 രാജ്യങ്ങളിലും ഇത്തരത്തിൽ ആരും നിർമിക്കാത്ത കേക്കാണിതെന്ന് കൊച്ചിൻ ബേക്കറി ചെയർമാൻ ആന്റ് മാനേജിങ് ഡയരക്ടർ എം.പി രമേഷ് പറഞ്ഞു. ഗിന്നസ് ബുക്ക്, ലിംക ബുക്ക് ഓഫ് റെക്കോർഡ് ഭാരവാഹികൾ ഈ കേക്കിന്റെ വിശദാംശങ്ങൾ തേടിയിട്ടുണ്ട്. 25ന് കോഴിക്കോട് കിൻഫ്രയിലുള്ള കൊച്ചിൻ ബേക്കറി പ്ലാന്റിൽ തയ്യാറാക്കുന്ന കേക്ക് പുലർച്ചെ നെഹ്രു മൈതാനത്ത് തയ്യാറാക്കിയ വേദിയിലെത്തിച്ച് ഡെക്കറേഷനടക്കമുള്ള ജോലികൾ പൂർത്തീകരിക്കും. രാജ്യത്തിന്റേയും കേരളത്തിന്റേയും ചരിത്രത്തിന് പുറമേ കൊച്ചിൻ ബേക്കറിയുടേയും പൊൻമലേരി തറവാടിന്റെ ചരിത്രവും കേക്കിൽ ആലേഖനം ചെയ്യും. എം.പി രമേഷിന്റേയും എം.കെ രഞ്ജിത്തിന്റേയും തറവാടാണ് പൊൻമലേരി തറവാട്. തലശ്ശേരി മൂന്നാംമൈലിലാണ് ഈ തറവാടുള്ളത്. എം.പി രമേഷിന്റെ അച്ഛന്റെ അമ്മയുടേയും എം.കെ രഞ്ജിത്തിന്റെ അച്ഛന്റെ അമ്മയുടേയും തറവാടാണ് പൊൻമലേരി തറവാട്. 26ന് ഞായർ രാവിലെ 10 മണിക്ക് ഉദ്ഘാടനത്തോടെ ആരംഭിക്കുന്ന പ്രദർശനം രാത്രി എട്ട് മണിക്കവസാനിക്കുകയും 27ന് തിങ്കൾ വൈകീട്ട് അഞ്ച് മണിക്ക് സമാപിക്കുകയും ചെയ്യും. സമാപന സംഗമത്തിൽ ടി.പത്മനാഭൻ, സർക്കസിന്റെ കുലപതി ജെമിനി ശങ്കരനും പ്രമുഖ വ്യക്തിത്വങ്ങളും സംബന്ധിക്കും. 26നും 27നും കലാപരിപാടികളും അരങ്ങേറും. പ്രവേശനം സൗജന്യമാണ്.


എം.കെ രഞ്ജിത്ത്

Ceebees
Cochin Bakery
SINCE 1939
Lingering taste with
Brownnies
BAKERY & COFFE PUB
A UNIT OF MAMBALLY'S SINCE 1880
the traditional touch


Follow Us
armcivf.com
കരുത്തും
കരുതലുമാണവൾ
HAPPY WOMENS DAY
armc Test-tube Baby & 4D Scanning Centre
Adding Life to Couples
ARMC IVF FERTILITY CENTRE
+91 81295 10044 Kerala | Karnataka | Tamil Nadu

## എൻ.ആർ.ഐ ഗ്ലോബൽ മീറ്റ് ലോഗോ പ്രകാശനം ചെയ്തു


എൻ.ആർ.ഐ ഗ്ലോബൽ മീറ്റിന്റെ ലോഗോ പ്രകാശനം കെ.മുരളീധരൻ എം.പി നിർവഹിക്കുന്നു

കോഴിക്കോട്: ഇൻഡോ-അറബ് കോൺഫെഡറേഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 17ന് ഗോവ ഇന്റർനാഷണൽ സെന്ററിൽ നടക്കുന്ന എൻ.ആർ.ഐ ഗ്ലോബൽ മീറ്റിന്റെ ലോഗോ പ്രകാശനം കെ.മുരളീധരൻ എം.പി നിർവഹിച്ചു. കൗൺസിൽ പ്രസിഡന്റ് എം.വി കുഞ്ഞാമു അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ആറ്റക്കോയ പള്ളിക്കണ്ടി, സംഘാടക സമിതി ഭാരവാഹികളായ കോയട്ടി മാളിയേക്കൽ, രാജേഷ് എസ്.എം എന്നിവർ സംസാരിച്ചു. എൻ.ആർ.ഐ ഗ്ലോബൽ മീറ്റ് 17ന് ഗോവ ഗവർണർ പി.എസ് ശ്രീധരൻപിള്ള ഉദ്ഘാടനം ചെയ്യും. കേന്ദ്ര-ഗോവ മന്ത്രിമാർ, എൻ.ആർ.ഐ സംഘടനാ ഭാരവാഹികൾ സമ്മേളനത്തിൽ സംബന്ധിക്കും. 'വിദേശ ഇന്ത്യക്കാർക്ക് ക്രിയാത്മക നിർദേശങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് ഗോവ യൂനിവേഴ്സിറ്റി വൈസ് ചാൻസലർ പ്രൊഫ.ഹരിലാൽ ബി.മേനോൻ സംസാരിക്കും.


തേങ്ങാപറമ്പത്ത് റിട്രീറ്റ്
ബദിരൂർ, കോഴിക്കോട്, കേരള – 673611
ഹോംസ്റ്റേ
നാഷണൽ ഹൈവേയിൽ നിന്നും മൂന്ന് കിലോമീറ്റർ ദൂരം
റിവർ ഫ്രണ്ടേജ്, കയാക്കിങ്, ഊഞ്ഞാലുകൾ, ട്രക്കിങ് ഏരിയ, റിവർ വ്യൂ ഉൾപ്പെടെയുള്ള സൗകര്യം ഉറപ്പുനൽകുന്നു.
ഫോൺ: 9349220050, 6282816906.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, 2nd Floor, Noor Complex, West Nadakkav, Kozhikode - 11, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.